(ബി) റഗുലർ വിദ്യാർത്ഥികൾക്ക് ഇന്റേണൽ മാർക്ക് സമ്പ്രദായം ഉണ്ടെങ്കിൽ പ്രൈവറ്റ് രജിസ്ട്രേഷൻകാർക്കും ഇതര യൂണിവേഴ്സിറ്റികൾ അവലംബിക്കുന്ന തരത്തിലുള്ള സംവിധാനങ്ങൾ ക്രമീകരിച്ച് ഇന്റേണൽ മാർക്ക് നൽകുന്നതിനുള്ള നടപടി കൈക്കൊള്ളുമോ ; ഇല്ലായെങ്കിൽ ആയതിന്റെ കാരണം വിശദമാക്കുമോ ;

(സി) ഒരേ സിലബസിൽ പഠിക്കുന്ന എല്ലാ സ്ട്രീമിൽപ്പെട്ട വിദ്യാർത്ഥികൾക്കും ഒരേ സ്കീമിൽ പരീക്ഷ നടത്തുന്നതിന് തയ്യാറാകുമോ : ഇല്ലായെങ്കിൽ ആയതിന്റെ വിശദാംശം നൽകുമോ ;

(ഡി) 1971-ൽ കേരളാ യൂണിവേഴ്സിറ്റി ആരംഭിച്ച പ്രൈവറ്റ് രജിസ്ട്രേഷൻ സമ്പ്രദായം നിർത്തലാക്കുന്നതിന്റെ ഭാഗമായി ഡിഗ്രി തലത്തിലും സെമസ്റ്റർ സമ്പ്രദായം നടപ്പിലാക്കുന്നതിന് മുൻപ് ഈ വിഷയത്തിൽ ഒരു പഠനം സാധ്യമാക്കുന്നതിന് ഒരു കമ്മീഷനെ രൂപീകരിപ്പിക്കുവാൻ തയ്യാറാകുമോ ; ഇല്ലായെങ്കിൽ ആയതിന്റെ കാരണം വിശദമാക്കുമോ ?

ഉത്തരം

(എ) റഗുലർ കോഴ്സുകളുടെ മിക്കവാറും കോഴ്സുകൾ സെമസ്റ്റർ രീതിയിലും പ്രൈവറ്റ് രജിസ്ട്രേഷൻ കോഴ്സ് ആനുവൽ സ്കീം പ്രകാരവുമാണ് നടക്കുന്നത്. അക്കാഡമിക് സമിതികളുടെ നിർദ്ദേശപ്രകാരം വേണ്ട ഭേദഗതികൾ വരുത്താവുന്നതാണ്.

(ബി) റഗുലർ വിദ്യാർത്ഥികൾക്ക് ഇന്റേണൽ മാർക്ക് സമ്പ്രദായം നടപ്പിലാക്കിയിരിക്കുന്നത് ചില മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്. പ്രൈവറ്റ് രജിസ്ട്രേഷൻ തലത്തിൽ ഇന്റേണൽ മാർക്ക് സമ്പ്രദായം നിലവിൽ ഇല്ല. ഈ വിഷയത്തിന്മേൽ ഒരു തീരുമാനം എടുക്കേണ്ടത് അക്കാദമിക് തലത്തിലാണ്.

(സി) ഒരേ സ്കീമിലും ഒരേ സിലബസിലും വ്യത്യസ്ത പരീക്ഷകൾ നടക്കുന്നില്ല.

(ഡി) ശുപാർശ ലഭിക്കുന്ന മുറയ്ക്ക് നടപടികൾ കൈക്കൊള്ളുന്നതാണെന്ന് സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

കേരള യൂണിവേഴ്സിറ്റി നടത്തുന്ന ടീച്ചർ എഡ്യൂക്കേഷൻ സെന്ററുകൾ

134 (7103) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള യൂണിവേഴ്സിറ്റി നടത്തുന്ന എത്ര കെ.യു.സി.ടി.ഇ. കൾക്കാണ് സ്വന്തമായി സ്ഥലവും കെട്ടിടവും ഉള്ളതെന്ന് വിശദമാക്കുമോ ;

(ബി) സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്ത സെന്ററുകൾ ഏതെല്ലാം ; വിശദാംശം ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കേരള യൂണിവേഴ്സിറ്റി സെന്റർ ഫോർ ടീച്ചർ എഡ്യൂക്കേഷന്റെ സെന്ററുകൾക്ക് സ്വന്തവും കെട്ടിടങ്ങളും ലഭ്യമാകുന്നതിന് ചെലവഴിച്ച ഫണ്ടുകളുടെ വിശദാംശങ്ങൾ സെന്ററുകൾ അടിസ്ഥാനമാക്കി ലഭ്യമാക്കുമോ ;

(ഡി) ഈ സെന്ററുകളിലെ അദ്ധ്യാപക-അദ്ധ്യാപകേതര തസ്തികകളിലെ നിയമനത്തിനു സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ തസ്തിക തിരിച്ച് വിശദമാക്കുമോ ;

(ഇ) ഈ തസ്തികകളിൽ ജോലി ചെയ്യുന്ന വ്യക്തികളുടെ യോഗ്യത യടക്കമുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) കെ.യു.സി.ടി.ഇ. കാര്യവട്ടത്തിനുമാത്രമാണ് സ്വന്തമായി ഭൂമിയും കെട്ടിടവും ഉള്ളത്.

(ബി) കെ.യു.സി.ടി.ഇ. കൊല്ലം, അടൂർ, കുന്നം, അഞ്ചൽ, കുഗാരപുരം, കുളക്കട, നെടുമങ്ങാട്, കായംകുളം, ആലപ്പുഴ, എന്നീ സെന്ററുകളുടെ നടത്തിപ്പിനായി വാടക ഇല്ലാതെ 33 വർഷത്തെ പാട്ടത്തിന് ഭൂമിയും കെട്ടിടവും സർക്കാരിൽനിന്നും സർവ്വകലാശാലയ്ക്ക് അനുവദിച്ചിട്ടുണ്ട്.

(സി) കെ.യു.സി.ടി.ഇ. സെന്ററുകൾക്ക് അനുവദിച്ചിട്ടുള്ള ഫണ്ടുകളുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) പ്രിൻസിപ്പാൾ-പി.എച്ച്.ഡി. -10 വർഷത്തെ പ്രവൃത്തി പരിചയം, അതിൽ അഞ്ചുവർഷത്തെ പ്രവൃത്തി പരിചയം ട്രെയിനിംഗ് കോളേജിൽ ഉണ്ടായിരിക്കണമെന്നതാണ്.

അദ്ധ്യാപകർ-55 ശതമാനത്തിൽ കുറയാത്ത എം.എഡ് ബിരുദവും കാലാകാലങ്ങളിൽ യു.ജി.സി./കേരള സർക്കാർ/യൂണിവേഴ്സിറ്റി നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ എന്നിവയാണ്.

അദ്ധ്യാപകേതര ജീവനക്കാരെ ദിവസവേതന അടിസ്ഥാനത്തിലാണ് നിയമിക്കുന്നതെന്ന് സർവ്വകലാശാലകൾ അറിയിച്ചിട്ടുണ്ട്.

(ഇ) ഈ തസ്തികകളിൽ ജോലിചെയ്യുന്ന വ്യക്തികളുടെ യോഗ്യത അടക്കമുള്ള വിശദവിവരങ്ങൾ അനുബന്ധം ആയി ചേർക്കുന്നു.*

കേരള സർവ്വകലാശാല അദ്ധ്യാപക പരിശീലന കോളേജുകളുടെ പ്രവർത്തനം

135 (7104)ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാല നേരിട്ടുനടത്തുന്ന അദ്ധ്യാപക പരിശീലന കോളേജുകളിൽ, വരുന്ന അദ്ധ്യയനവർഷത്തിൽ പ്രവേശനം നടത്തുന്നതിന് തടസ്സമാകുംവിധം ഹൈക്കോടതിയിൽ കേസ് നിലനിലുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly